LIBRARY ARCHIVES Kerala Legislative Assembly

ഒരു മീനും ഒരു നെല്ലും പദ്ധതി

97 [3352] *ശ്രീ. കോടിയേരി ബാലകൃഷ്ണൻ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഒരു മീനും ഒരു നെല്ലും പദ്ധതിയുടെ ഉദ്ദേശ്യങ്ങളും ലക്ഷ്യങ്ങളും വിശദമാക്കാമോ;

(ബി) ഈ പദ്ധതിയിലൂടെ ഏതെല്ലാം വിഭാഗങ്ങൾക്ക് ഗുണം ലഭ്യമാകുമെന്ന് വിശദമാക്കാമോ;

(സി) ഈ പദ്ധതി ഇതിനകം എവിടെയെല്ലാം നടപ്പാക്കിയെന്ന് പറയാമോ?

ഉത്തരം

(എ) ഒരു മീനും ഒരു നെല്ലും പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ താഴെ ചേർക്കുന്നു:

1. കുട്ടനാടൻ പാടശേഖരങ്ങളുടെ ഉൽപ്പാദനക്ഷമത വർദ്ധിപ്പിക്കുക

2. നെൽകൃഷിയും മത്സ്യകൃഷിയും സമന്വയിപ്പിച്ച് സ്ഥായിയായ ജല കൃഷിരീതികൾ പ്രോത്സാഹിപ്പിക്കുക

3. നെൽകൃഷിക്ക് ശേഷമുള്ള ഇടവേളകളിൽ മത്സ്യം, കൊഞ്ച് കൃഷിക്കും അനുബന്ധപ്രവർത്തനങ്ങൾക്കും കർഷകർക്ക് സാമ്പത്തികസാങ്കേതിക സഹായങ്ങൾ നൽകുക

4. നെൽകൃഷിയുടെ ഉൽപ്പാദനച്ചെലവ് കുറച്ച് നെൽകൃഷി സ്ഥായിയായി നിലനിർത്താൻ സഹായിക്കുക

5. കർഷകരുടെ വരുമാനം വർദ്ധിപ്പിക്കുക

6. കയറ്റുമതി വർദ്ധിപ്പിച്ച് കൂടുതൽ വിദേശനാണ്യം നേടുക

7. ഗ്രാമീണമേഖലയിൽ പുതിയ തൊഴിലവസരങ്ങൾ സൃഷ്ടിക്കുക.

(ബി) കുട്ടനാടൻ പാടശേഖരസമിതികളും ഗ്രൂപ്പ് ഫാമിംഗിൽ ഏർപ്പെട്ടിട്ടുള്ള കർഷകരും കർഷകരുടെ സഹകരണസംഘങ്ങളും വ്യക്തികളും ഈ പദ്ധതിയുടെ ഗുണഭോക്താക്കളാണ്. എന്നാൽ ഈ പദ്ധതിയുടെ പ്രയോജനം ഒരു വിള നെൽകൃഷി ചെയ്യുന്ന കർഷകർക്ക് മാത്രമായി നിജപ്പെടുത്തിയിട്ടുണ്ട്.

(സി) ഈ പദ്ധതി കുട്ടനാടൻ മേഖലയിലെ 24 പഞ്ചായത്തുകളിലും 2 മുനിസിപ്പാലിറ്റികളിലുമായി നടപ്പിലാക്കിവരുന്നു.